**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2450** **07-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ കമ്മീഷൻ നേരിട്ട് നിയമിച്ചവർ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ, സ്ഥിരം ജീവനക്കാർ എന്നിങ്ങനെ പട്ടിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിലവിൽ 67 ജീവനക്കാരുണ്ട്.<br>കോ-ടെർമിനസ് വ്യവസ്ഥയിൽ:-16 ജീവനക്കാർ<br>ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നത്:- 35 ജീവനക്കാർ<br>സ്ഥിരം ജീവനക്കാർ:- 4 ജീവനക്കാർ<br>താൽകാലിക ജീവനക്കാർ:-12 ജീവനക്കാർ |
| (ബി) | കമ്മീഷനിലെ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണോ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | അല്ല |
| (സി) | മനുഷ്യാവകാശ കമ്മീഷനിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയാക്കണമെന്ന് നിർദ്ദേശിച്ച് നിയമ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാർക്കും കോ-ടെർമിനസ് ജീവനക്കാർക്കും ശമ്പള പരിഷ്ക്കരണം അനുവദിച്ചുകൊണ്ട് നിയമ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച 21.06.2022-ലെ സ.ഉ (അ) 11/2022/നിയമം നമ്പർ സർക്കാർ ഉത്തരവിൽ "കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ എല്ലാ നിയമനങ്ങളും (റഗുലർ, കരാർ, ദിവസക്കൂലി) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ നിയമനകാര്യത്തിലുള്ള ഈ നിബന്ധന കോ-ടെർമിനസ് നിയമനങ്ങൾക്ക് ബാധകമാക്കേണ്ടതില്ലായെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. |
| (ഡി) | ഇപ്പോൾ എത്ര താൽക്കാലിക ജീവനക്കാർ | (ഡി) | നിലവിൽ 12 |

| | | | |
|---|---|---|---|
| | കമ്മീഷനിൽ തുടരുന്നുവെന്നും എത്ര വർഷമായി തുടരുന്നുവെന്നുമുള്ള വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ? | | ജീവനക്കാർ താൽക്കാലിക അടിസ്ഥാനത്തിൽ കമ്മീഷനിൽ ജോലി ചെയ്തു വരുന്നു.<br><br>**തസ്തിക :-ഡ്രൈവർ (4)**<br><br>**താൽക്കാലിക സേവനം ആരംഭിച്ച വർഷം:-** 2005, 2010, 2011, 2020.<br><br>**തസ്തിക: -ടൈപ്പിസ്റ്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (2)**<br><br>**താൽക്കാലിക സേവനം ആരംഭിച്ച വർഷം:-** 2013, 2016.<br><br>**തസ്തിക : ഓഫീസ് അറ്റൻഡന്റ്:- (6)**<br><br>**താൽക്കാലിക സേവനം ആരംഭിച്ച വർഷം:-** 2006, 2014, 2016, 2022 .<br><br>179 ദിവസം കാലാവധി പൂർത്തിയാക്കി ഇടവേള നൽകി തുടർന്ന് ജോലി നോക്കി വരുന്നവരാണ് ടി ജീവനക്കാർ |

സെക്ഷൻ ഓഫീസർ